ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പുരോഗതി

24 (*144) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബൈപ്പാസ് റോഡ് പദ്ധതികളാണ് നിർമ്മാണ ഘട്ടത്തിലുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

(സി) എത്ര ബൈപ്പാസ് റോഡുകൾ ഈ വർഷം പൂർത്തിയാകും എന്ന് അറിയിക്കാമോ ;

(ഡി) സർക്കാർ പരിഗണനയിലുള്ള പുതിയ ബൈപ്പാസ് റോഡ് പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.. എം. കെ. മുനീർ) :

(എ) ദേശീയപാതയിൽ ആറു പദ്ധതികളും റോഡുകളും പാലങ്ങളും വിഭാഗത്തിൽ 8 പദ്ധതികളും നിർമ്മാണഘട്ടത്തിലാണ്.

(ബി) നിർമ്മാണ പുരോഗതി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിലെ ചങ്ങനാശ്ശേരി, കാഞ്ഞിരമറ്റം- മങ്ങാട് കവല എന്നീ രണ്ടു ബൈപ്പാസുകളുടെ പണി ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

കരാർ ജോലികൾ നിശ്ചിത സമയത്ത് തീർക്കാൻ നടപടി

25 (*145) ശ്രീ. വി. ബാലറാം :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് വർക്കുകൾ നടത്തുന്നതിനുള്ള കോൺട്രാക്ടുകൾ നൽകുമ്പോൾ വർക്ക് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി കരാറിൽ വ്യവസ്ഥ ചെയ്യാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടിയെടുക്കുമോ ;

(സി) ഗവൺമെന്റ് വർക്കുകൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ കരാറിൽ പറഞ്ഞിരിക്കുന്ന സമയത്തിനോ അതിനു മുമ്പോ പണി പൂർത്തിയാക്കുന്ന പക്ഷം കരാറുകാരന് ഇൻസെന്റീവ് കൊടുക്കുവാൻ വ്യവസ്ഥ ചെയ്യാറുണ്ടോ ;

† അനുബന്ധം I (a) & I (b)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്രകാരം ചെയ്യുന്നത് ഗവൺമെന്റിന് ഗുണകരമാണോ ;

(ഇ) ഗവൺമെന്റ് വർക്കുകൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയം കഴിഞ്ഞു മാത്രം പണി തീർത്താൽ അയാളിൽ നിന്നും പിഴ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥ ചെയ്യാറുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നതുകൊണ്ട് നിശ്ചിത സമയത്തുതന്നെ ജോലി പൂർത്തിയാക്കുവാൻ കഴിയുമോ ;

(ജി) സർക്കാർ പണികളിൽ വരുന്ന കാലതാമസത്തിനും ക്രമക്കേടുകൾക്കും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വം നിർണ്ണയിക്കാനും അത് ഉറപ്പിക്കുവാനും ആവശ്യമായ നടപടികളെടുക്കുമോ എന്ന് വ്യക്തമാക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ & ബി) പണിപൂർത്തിയാക്കുന്നതിനുള്ള സമയ പരിധി കരാറിൽ വ്യവസ്ഥചെയ്യാറുണ്ട്.

(സി & ഡി) കരാറിൽ പറഞ്ഞിരിക്കുന്ന സമയത്തിനുമുമ്പ് തൃപ്തികരമായി പണി പൂർത്തിയാക്കിയാൽ 55 ലക്ഷം രൂപയ്ക്കു മുകളിലുള്ള കരാറുകാർക്ക് ഇൻസെന്റീവ് കൊടുക്കുവാൻ വ്യവസ്ഥയുണ്ട്. ഇത് ഗുണകരമാണ്.

(ഇ & എഫ്) കരാറുകാരന്റെ അനാസ്ഥകൊണ്ട് പണിക്കു കാലതാമസം നേരിട്ടാൽ പിഴ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ട്.

(ജി) കാലതാമസത്തിനും ക്രമക്കേടുകൾക്കും കാരണമാകുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടികൾ എടുത്തു വരുന്നുണ്ട്.

താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ

26 (*146) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റവന്യൂ വകുപ്പിന്റെ കീഴിൽ താലൂക്ക് ആഫീസുകളിലൂടെ ഇപ്പോൾ ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് കമ്പ്യൂട്ടർ സഹായത്തോടുകൂടി നൽകി വരുന്നത് ;

(ബി) താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷനിലൂടെ അപേക്ഷ നൽകി എത്ര ദിവസങ്ങൾക്കകം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നുണ്ടെന്ന് പറയാമോ ;

(സി) സംസ്ഥാനത്ത് നാളിതുവരെ എത്ര താലൂക്ക് ആഫീസുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ താലൂക്ക് ആഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly